**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5138 — 27.06.2019 ൽ മറുപടിക്ക്

**സി.എച്ച്.സി.യ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യവികസനം**

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പല പി.എച്ച്.സി.കളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തപ്പെട്ടിട്ടുണ്ടെങ്കിലും ഇപ്പോഴും ഇവയ്ക്ക് അടിസ്ഥാന സൗകര്യങ്ങളും സ്റ്റാഫും അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും ഘട്ടംഘട്ടമായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് സർക്കാർ നയം.<br><br>ഇതിന്റെ ഭാഗമായി ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരെഞ്ഞെടുത്തിട്ടുണ്ട്. ഇവിടങ്ങളിൽ തസ്തിക സൃഷ്ടിക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.<br><br>നിലവിൽ ബ്ലോക്ക് തല സി.എച്ച്.സി.കളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആർദ്രം പദ്ധതി പൂർണ്ണതോതിൽ നടപ്പിൽ വരുന്നതോടെ സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കഴിയുന്നതാണ് എന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയോ മറ്റോ ഇത്തരം സി.എച്ച്.സി.കളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ